# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പത്തനംതിട്ട-689645**

**ഇ-മെയിൽ: dopta.ksad@kerala.gov.in**
**ഫോൺ : 0468-2223691**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAPTA.P12/661/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 12/07/2024
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ജോയിന്റ് ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട

നമ്പർ: KSAPTA.P12/661/24 തീയ്യതി: 12/07/2024

# പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-06-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വിനോദ് ശ്രീധർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 10-06-2024 | 15-06-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-06-2024 | 15-06-2024 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അജ്മൽ എ.എസ്, ഓഡിറ്റ്ഓഫീസർ
ശ്രീ. ഹരികുമാർ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അരുൺ പി.ബി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അരുൺ കുമാർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സിന്ധുമോൾ വി.എൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഇന്ദിരാദേവി ജെ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. രാജേഷ് കുമാർ സി.പി. | സെക്രട്ടറി | 01-04-2023 | 03-07-2023 |
| ശ്രീ. അബു ആർ. | സെക്രട്ടറി | 04-07-2023 | 17-09-2023 |
| ശ്രീമതി ഗിരിജ ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-09-2023 | 03-01-2024 |
| ശ്രീമതി ലത എസ്. എ. | സെക്രട്ടറി | 04-01-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു എസ്. കരുണാകരൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീമതി രജനി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീമതി താര വി | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി മിനി റ്റി.ജി. | ക്ഷീര വികസന ഓഫീസർ | 01-04-2023 | 31-01-2024 |
| ശ്രീമതി സുനിതാ ബീഗം | ക്ഷീര വികസന ഓഫീസർ | 01-02-2024 | 31-03-2024 |
| ഡോ ഹിദായത്ത് അൻസാരി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2023 | 31-05-2023 |
| ഡോ. സന്തോഷ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-06-2023 | 31-03-2024 |
| ശ്രീ. സുനിൽകുമാർ ആർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2023 | 31-03-2024 |
| ശ്രീ. ആനന്ദ് എസ്. | പട്ടികജാതി വികസന | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| വിജയ് | ഓഫീസർ | | |
| ശ്രീ. ജയൻ എസ് | സൂപ്രണ്ട്, വൃദ്ധമന്ദിരം | 01-04-2023 | 30-06-2023 |
| ശ്രീ. ശിവദാസ് | സൂപ്രണ്ട്, വൃദ്ധമന്ദിരം | 01-07-2023 | 06-07-2023 |
| ശ്രീമതി മിനി ഒ.എസ്. | സൂപ്രണ്ട്, വൃദ്ധമന്ദിരം | 07-07-2023 | 31-03-2024 |
| ശ്രീമതി നിസ എ | സൂപ്രണ്ട്, മഹിളാമന്ദിരം | 01-04-2023 | 31-03-2024 |
| ശ്രീ ഷിഹാബുദ്ധീൻ എസ്സ് | വ്യവസായ വികസന ഓഫീസർ | 01-04-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ മൂല്യനിർണ്ണയം കൃത്യമല്ല | 1-1-3 |
| 5 | നിക്ഷേപ പ്രവൃത്തികൾ തുക കൃത്യമല്ല | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം | 1-3 |
| 8 | ഗ്രാന്റ് വിനിയോഗം | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | ക്യാഷ് പരിശോധന | 1-6 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 13 | കാർഷിക മേഖലയിലെ നിർമ്മാണ പ്രവൃത്തികളിൽ ചട്ടങ്ങൾ പാലിച്ചില്ല | 1-9 |
| 14 | പഠനമുറി നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു | 1-10 |
| 15 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു | 1-11 |
| 16 | വെർച്വൽ ക്ലാസ്സ് റൂം പ്രവർത്തനരഹിതം | 1-12 |
| 17 | സി.എച്ച്.സി. കെട്ടിട നിർമ്മാണം-പൊട്ടിച്ചുമാറ്റിയ പാറ ലേലം ചെയ്ത് നൽകിയിട്ടില്ല | 1-13 |
| 18 | സി.എച്ച്.സി-യിലേക്ക് മരുന്ന് ലഭ്യമാകുവാൻ അവശേഷിക്കുന്നു | 1-14 |
| 19 | റ്റി.ആർ 7എ മാതൃകയിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല | 1-15 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/ വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 23-05-2024 ലെ 1(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 23-05-2024-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഇലന്തൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2024 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തീ രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെകുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, ഇലന്തൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

പത്തനംതിട്ട
12.07.2024

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷികകണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ

## പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2388405 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1159637 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും ബ്ലോക്ക്പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

## 1-1-3 ആസ്തികളുടെ മൂല്യനിർണ്ണയം കൃത്യമല്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ ആസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്.

## 1-1-4 നിക്ഷേപ പ്രവൃത്തികൾ തുക കൃത്യമല്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 ൽ Loans, Advances And Deposits എന്ന ഹെഡിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകൾക്ക് കൃത്യതയില്ല. കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി എന്നിവയിൽ നിക്ഷേപിച്ചിട്ടുള്ള തുകൾ രജിസ്റ്ററിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

25.03.2023- തീയതിയിലെ ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 1(1)ാം നമ്പർ തീരുമാനപ്രകാരം 2023-24 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. മുന്നിരിപ്പ് 1935493 രൂപയും ആകെ വരവ് 41287593 രൂപയും ചെലവ് 39352100 രൂപയും നീക്കിയിരിപ്പ് 1935493 രൂപയുമാണ്.

## 1-3 സാമ്പത്തിക വിശകലനം

| | റസീപ്റ്റ് &പേയ്മെന്റ് അക്കൗണ്ട് പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 13290830 | |
| വരവ് | 47184121 | 39685520 |
| ആകെ | 60474951 | |
| ചെലവ് | 49572526 | 37381978 |
| നീക്കിയിരിപ്പ് | 10902425 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 16840000 | 16840000 | 14038204 | 2801796 | 0 |
| വികസനഫണ്ട് (SCP) | 0 | 13655000 | 13655000 | 9000037 | 4654963 | 0 |
| വികസനഫണ്ട്(TSP) | 0 | 82000 | 82000 | 54600 | 27400 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 1748661 | 2091500 | 3840161 | 3824125 | 0 | 16036 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 186832 | 2789000 പലിശ-39961 | 3015793 | 3024724 | 0 | 8931 |
| മെയിന്റനൻസ് | 0 | 3894600 | 3894600 | 3363652 | 530948 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ്-റോഡിതരം | | | | | | |
| പ്രത്യേക ഗ്രാന്റ് | | | | | | |
| നിർമ്മൽ പുരസ്കാരം | 331218 | 10681 | 341899 | 0 | 0 | 341899 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് | 42261 | 32500 | 74761 | 32500 | 0 | 42261 |
| കേരളോത്സവം | 0 | 100000 | 100000 | 100000 | 0 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| ഹെൽത്ത് ഗ്രാന്റ് | 2593433 | 66428 | 2659861 | 649865 | 0 | 2009996 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായും നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 115 | 56265778 | 86 | 34590843 | 6 | 23 | 75 |

2. 3. **നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം**

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്ക്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| | സെക്രട്ടറി | 49 | 38 | 25759762 | 20228213 | 78.53% |
| | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 3 | 1 | 715000 | 91741 | 12.83% |
| | അസിസ്റ്റന്റ് എഞ്ചിനീയർ | 22 | 11 | 10610975 | 3550855 | 33.46% |
| | അസിസ്റ്റന്റ് ഡയറക്ടർ, കൃഷി | 6 | 6 | 2969421 | 1391489 | 46.86% |
| | ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 10 | 9 | 3240000 | 2660016 | 82.10% |
| | പട്ടികജാതി വികസന ഓഫീസർ | 6 | 5 | 6115300 | 3246190 | 53.08% |
| | മെഡിക്കൽ ഓഫീസർ, കമ്യൂണിറ്റി ഹെൽത്ത് സെന്റർ | 8 | 7 | 3377677 | 2382597 | 70.54% |
| | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 4 | 4 | 1550000 | 542446 | 35% |
| | ഇൻഡസ്ട്രീസ് | 3 | 1 | 1533580 | 117330 | 7.65% |

| | | | | | | |
|---|---|---|---|---|---|---|
| | എക്സ്റ്റൻഷൻ ഓഫീസർ | | | | | |
| | സൂപ്രണ്ട്, മഹിളാമന്ദിരം | 4 | 4 | 394063 | 379966 | 96.42% |
| | ആകെ | 115 | 86 | 56265778 | 34590843 | 61.48% |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.06.2024-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് നീക്കിയിരിപ്പ് ഇല്ലെന്ന് ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിൽ ഓഡിറ്റ് വർഷം 115 പ്രോജക്ടുകൾ ആവിഷ്ക്കരിച്ചുവെങ്കിലും 86 പ്രോജക്ടുകളാണ് നടപ്പിലാക്കിയത്. പദ്ധതിചെലവ് പരിശോധിച്ചതിൽ വിവിധ ഗ്രാന്റിനങ്ങളിലായി ലഭിച്ച തുകയിൽ 2.1 കോടിയോളം രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നുണ്ട്. ധനകാര്യകമ്മീഷൻ ഫണ്ട് ഒഴികെയുള്ള ഗ്രാന്റിനങ്ങളിൽ സാമ്പത്തിക വർഷാവസാനം അവശേഷിക്കുന്ന തുക 20% സ്പിൽ ഓവർ പ്രോജക്ടുകൾ ഒഴികെ നഷ്ടമാകുന്ന സാഹചര്യത്തിൽ പ്രോജക്ടുകളിൽ വകയിരുത്തുന്ന തുക അതാത് സാമ്പത്തികവർഷം തന്നെ ചെലവഴിക്കുന്നതിന് നടപടികൾ ഉണ്ടാകേണ്ടതാണ്. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മോണിറ്ററിംഗിന് പ്രാധാന്യം നൽകേണ്ടതാണ്. പി.എം.എ.വൈ, ഐ.എ.വൈ ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പ്രോജക്ടുകളിൽ വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച വിഹിതത്തിൽ നിന്നും വലിയ തുക ബാങ്ക് അക്കൗണ്ടുകളിൽ അവശേഷിക്കുന്നുണ്ട്. പ്രസ്തുത വിഷയത്തിലും ഭരണസമിതിയുടെ ഭാഗത്തുനിന്നും തുടർനടപടികൾ ഉണ്ടാകേണ്ടതാണ്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20-08-2013 | 2012-13 | 11.10.2013 |
| പെർഫോമൻസ് ഓഡിറ്റ് | 2022 ജനുവരി 18, 19, 20, ഫെബ്രുവരി 4 | 2019-20, 2021 ഡിസംബർ | 22.04.2022 |

## 1-9 കാർഷിക മേഖലയിലെ നിർമ്മാണ പ്രവൃത്തികളിൽ ചട്ടങ്ങൾ പാലിച്ചില്ല

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24 സാമ്പത്തിക വർഷം നടപ്പാക്കിയ പാടശേഖരങ്ങളുടെ അടിസ്ഥാന വികസനം (നം.S008/24) എന്ന പ്രോജക്ടിൽ 2,93,000 രൂപ ചെലവഴിക്കുകയുണ്ടായി. ഇലന്തൂർ, നാരങ്ങാനം, മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തുകളിലെ വിവിധ തോടുകളുടെ ആഴം വർദ്ധിപ്പിക്കലും കരിങ്കൽ കെട്ട് ഉൾപ്പെടെയുള്ള നിർമ്മാണ പ്രവൃത്തികളുമായിരുന്നു പ്രോജക്ടിൽ ഉൾക്കൊള്ളിച്ചിരുന്നത്. പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നടപ്പാക്കിയ പദ്ധതി | ചെലവഴിച്ച തുക | തുക നൽകിയത് |
|---|---|---|---|
| 1 | ഭഗവതികുന്ന് ചിറയത്ത് ഏലാ കൈത്തോട് ആഴംകൂട്ടൽ<br>(ഇലന്തൂർ ഗ്രാമപഞ്ചായത്ത്) | **രൂ. 110636**<br>ബിൽ നം. 230505630 14600204113/ 16-06-2023 | മണ്ണത്തുപാറ ആനപ്പാറ പാടശേഖര സമിതി |
| 2 | മണ്ണിൽപ്പടി വാഴത്തോപ്പിൽപടി കൈത്തോട് ആഴംകൂട്ടൽ, ബണ്ട് നിർമ്മാണം<br>(നാരങ്ങാനം ഗ്രാമപഞ്ചായത്ത്) | **രൂ. 81000**<br>230505630 14600843462/27-11-2023 | പുന്നോൺ പാടശേഖര സമിതി |
| 3 | ഈറമലപ്പടി കുരിക്കാട്ടിൽപ്പടി തോടിന്റെ പാർശ്വഭിത്തിനിർമ്മാണം (ആർ. ആർ. വർക്ക്)<br>(നാരങ്ങാനം ഗ്രാമപഞ്ചായത്ത്) | **രൂ. 101364**<br>230505630 14600204128/16-06-2023 | പുന്നോൺ പാടശേഖര സമിതി |

മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ എല്ലാം തന്നെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ നേരിട്ടാണ് നിർവ്വഹിച്ചിട്ടുള്ളത് . പ്രവൃത്തി പൂർത്തിയായ ശേഷം അസിസ്റ്റന്റ് എഞ്ചിനീയറെക്കൊണ്ട് വാല്യുവേഷൻ എടുത്ത്, തുക ബന്ധപ്പെട്ട പാടശേഖര സമിതികൾക്ക് കൈമാറുകയാണ് ചെയ്തിട്ടുള്ളത്. കാർഷിക മേഖലയിലെ പ്രോജക്ടുകൾ തയ്യാറാക്കി നിർവ്വഹണം നടത്തേണ്ടത്ത് കാർഷിക മേഖലയിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥരാണ് എന്നിരിക്കിലും, സാങ്കേതിക നൈപുണ്യം ആവശ്യമുള്ള നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിക്കേണ്ടത് സാങ്കേതിക പരിജ്ഞാനമുള്ള എഞ്ചിനീയർമാരായിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം, മരാമത്ത് പ്രവൃത്തികൾ അസിസ്റ്റന്റ് എഞ്ചിനീയറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥരുടെയോ നേരിട്ടുള്ള മേൽനോട്ടത്തിലും നിയന്ത്രണത്തിലുമായിരിക്കണം നടത്തേണ്ടത്. ചട്ടം 6 പ്രകാരം വിശദമായ പ്ലാനും എസ്റ്റിമേറ്റും ഉണ്ടായിരിക്കണമെന്നും 7-ാം ചട്ടപ്രകാരം സാങ്കേതികാനുമതി ലഭിച്ചിരിക്കണമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. അപ്രകാരമല്ലാതെ യാതൊരു മരാമത്ത് പണികളും ആരംഭിക്കാൻ പാടുള്ളതല്ലായെന്നും വ്യക്തമാക്കിയിരിക്കുന്നു. ക്രമ നം. 3-ൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തി, ആർ. ആർ. കെട്ട്, കോൺക്രീറ്റിംഗ് എന്നിവ കൂടി ഉൾപ്പെട്ടതാണ്. ആയതിന് സിമന്റ്, കമ്പി, മെറ്റൽ, പി.സാന്റ് എന്നിവ ഉപയോഗിച്ചതായി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ നിർവ്വഹണ ചുമതലയിൽ ഇപ്രകാരം ഒരു പ്രവൃത്തി നടപ്പാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി (നം.04/2023-24, തീയതി: 13-06-2024). ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, വളരെക്കാലമായി കാർഷിക മേഖലയിലെ ഇത്തരം മരാമത്ത് പ്രവൃത്തികൾ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ നിർവ്വഹണ ചുമതലയിലാണ് നടത്തിവന്നിരുന്നതെന്നും അസിസ്റ്റന്റ് എഞ്ചിനീയർമാർ നിർവ്വഹണ ചുമതല ഏറ്റെടുക്കാൻ തയ്യാറാകാതിരുന്നതുമൂലമാണ് ഇപ്രകാരം പ്രവൃത്തി ഏറ്റെടുത്തതെന്നും അറിയിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിക്ക് രേഖാമൂലം കത്ത് നൽകി തുടർന്നുള്ള

പ്രോജക്ടുകളുടെ നിർവ്വഹണം എഞ്ചിനീയറിംഗ് വിഭാഗത്തിന് കൈമാറുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നതിനും ആയതിന് അനുസൃതമായി നിർവ്വഹണ രീതി അവലംബിക്കുന്നതിനും ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 പഠനമുറി നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു

പട്ടികജാതി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ വർഷങ്ങളിൽ നടപ്പാക്കിയ (2022-23 വരെ) പദ്ധതികൾ പ്രകാരം ധനസഹായം കൈപ്പറ്റിയ ചുവടെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ച് അന്തിമ ഗഡു കൈപ്പറ്റിയിട്ടില്ല.

പഠനമുറി നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥന് ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി (എൻക്വയറി നം. 06/2023-24, തീയതി: 13-06-2024). എൻക്വയറിക്ക് മറുപടിയായി, നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി ചുവടെ ചേർക്കും പ്രകാരം അറിയിച്ചു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നാളിതുവരെ നൽകിയ തുക | ആരംഭിച്ച വർഷം | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ഗോകുൽ എം.ആർ. മുറിപ്പാറ മാടുമേലിൽ, കടമ്മനിട്ട | 1,50,000 | 2018-19 | മെയിൻ വാർപ്പ് കഴിഞ്ഞു. ബാക്കി പണികൾ ചെയ്തിട്ടില്ല. |
| 2 | ആരോമൽ എസ്. സന്തോഷ് പാറയിൽ വീട്, നാരങ്ങാനം | 1,50,000 | 2019-20 | ,, |
| 3 | നന്ദു വിജയകുമാർ മറുകര പറമ്പിൽ, ഇലന്തൂർ പി.ഒ. | 1,50,000 | ,, | മെയിൻ വാർപ്പ് ചെയ്തിട്ടില്ല. |
| 4 | സജിമ സത്യൻ, കടവന്ത്ര വീട്, പുന്നയ്ക്കാട്, മല്ലപ്പുഴശ്ശേരി | 1,50,000 | 2021-22 | മെയിൻ വാർപ്പ് കഴിഞ്ഞു. ബാക്കി പണികൾ ചെയ്തിട്ടില്ല. |
| 5 | രജിൻ രാജേഷ്, അഴകത്ത് മേലേതിൽ, നാരങ്ങാനം | 1,25,000 | 2022-23 | ലിന്റൽവരെ പൂർത്തിയാക്കി. |
| 6 | അനന്തു കെ.ആർ, മുതുമരത്തിൽ, ഇലന്തൂർ | 1,25,000 | ,, | നിർമ്മാണം പൂർത്തിയായി. തുക നൽകിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| 7 | കൃഷ്ണപ്രിയ, പുതുവേലിൽ പുത്തൻവീട്, ഓമല്ലൂർ | 1,25,000 | ,, | മെയിൻ വാർപ്പ് ചെയ്തിട്ടില്ല. |
| 8 | സാന്ദ്ര എസ്, പ്ലാക്കാട്ട് സുധി ഭവൻ, ഇലന്തൂർ | 1,25,000 | ,,ലാപ്സായ തുക | നിർമ്മാണം പൂർത്തിയായി. തുക നൽകിയിട്ടില്ല. |
| 9 | അജിൻ പി.ബി, തുണ്ടിയിൽ അജി ഭവൻ, മല്ലപ്പുഴശ്ശേരി | 1,25,000 | ,, | വിവരം ലഭ്യമാക്കിയില്ല |

ടി ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു

മുൻവർഷങ്ങളിൽ വിവിധ ഏജൻസികളിൽ പണം ഒടുക്കിയ താഴെപറയുന്ന നിക്ഷേപ പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ച് പൂർത്തീകരണ സർട്ടിഫിക്കറ്റ് /വിനിയോഗ സർട്ടഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

| ഏജൻസി | വർഷം | പ്രവൃത്തിയുടെപേര് | മുൻകൂർ തുക |
|---|---|---|---|
| കെ.എസ്.ഇ.ബി. | 2022-23 | ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്- സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി (ഒന്നാംഘട്ടം) | 22,66,224 |
| | | ഇലന്തൂർ ബ്ലോക്കിലെ വിവിധ പട്ടികജാതി സങ്കേതങ്ങൾ/ കോളനികളിൽ വൈദ്യുതലൈൻ ദീർഘിപ്പിക്കൽ | 5,35,966 |
| | | കോഴഞ്ചേരി ഡിവിഷൻ വൈദ്യുതലൈൻ ദീർഘിപ്പിക്കൽ | 4,87,635 |
| | 2021-22 | ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ഡിവിഷനുകളിൽ വൈദ്യുത ലൈൻ എക്സ്റ്റൻഷൻ | 1,10,212 |
| | 2020-21 | മഹാണിമല പട്ടികവർഗ്ഗ കോളനിയിൽ വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തി പൂർത്തീകരണം | 11,118 |
| | | മഹാണിമല പട്ടികവർഗ്ഗ കോളനിയിൽ വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ | 2,96,000 |

| | | | | |
|---|---|---|---|---|
| | | 2018-19 | കീക്കോഴൂർ ഡിവിഷൻ പള്ളിപ്പടി കൊച്ചേത്തുപടി റോഡിൽ വൈദ്യുതലൈൻ ദീർഘിപ്പിക്കൽ | 49,914 |
| | | 2016-17 | സമ്പൂർണ്ണ വൈദ്യുതീകരണം ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 3,25,000 |
| | കേരള വാട്ടർ അതോറിറ്റി | 2022-23 | ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ സമഗ്ര കുടിവെള്ള പദ്ധതി (ഒന്നാംഘട്ടം) (02/23) | 10,58,503 |
| | | 2021-22 | പരിയാരം ഡിവിഷൻ വാര്യാപുരം മുത്തൻകുഴി കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ(65/22) | 4,00,000 |
| | | | ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ഡിവിഷനുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (68/22) | 3,30,000 |
| | | | നാരങ്ങാനം ഡിവിഷനിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (57/22) | 1,42,000 |
| | | | കോഴഞ്ചേരി ഡിവിഷനിൽ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (58/22) | 2,00,000 |
| | | 2020-21 | ചെന്നീർക്കര പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (21/21) | 2,10,000 |
| | | | കടമ്മനിട്ട ബ്ലോക്ക് ഡിവിഷനിലെ പട്ടികജാതി കോളനികളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (32/21) | 2,00,000 |
| | | 2018-19 | വാര്യാപുരം പട്ടികജാതി കോളനിയിൽപൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (80/19) | 2,30,000 |
| | | | കുഴിക്കാല ബ്ലോക്ക് | 1,20,294 |

| | | |
|---|---|---|
| | ഡിവിഷനിൽ വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (79/19) | |
| | ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ഡിവിഷനുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (58/19) | 6,40,000 |

ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ചെലവഴിച്ചതിന് ശേഷം ബാക്കി തുക ഉണ്ടെങ്കിൽ ആയത് തിരികെ വാങ്ങി സർക്കാർ ഫണ്ടിലടക്കേണ്ടതുമാണ്.

## 1-12 വെർച്വൽ ക്ലാസ്സ് റൂം പ്രവർത്തനരഹിതം

2016-17 സാമ്പത്തിക വർഷം 8,09,382 രൂപ ചെലവഴിച്ച് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ രാജീവ്ഗാന്ധി പഞ്ചായത്ത് ശാക്തീകരൺ അഭിയാൻ (RGPSA) സ്കീം വഴി വെർച്വൽ ക്ലാസ്സ് റൂം സ്ഥാപിച്ചിരുന്നു. ജനപ്രതിനിധികൾക്കും വകുപ്പുതല ഉദ്യോഗസ്ഥർക്കുമുള്ള വിവിധ പരിശീലന പരിപാടികൾ നടത്തുക, സെമിനാറുകളും ശിൽപ്പശാലകളും ചർച്ചകളും കാര്യക്ഷമമായി സംഘടിപ്പിക്കുക, പ്രവർത്തനാധിഷ്ഠിത ഗവേഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക, ഗുണമേന്മയുള്ള പരിശീലകരുടേയും വിദഗ്ദ്ധരുടേയും സേവനം പരമാവധി പ്രയോജനപ്പെടുത്തുക എന്നിവയായിരുന്നു പദ്ധതിയുടെ ലക്ഷ്യം. 36 പേർക്കുള്ള സീറ്റിംഗ് സംവിധാനം, പ്രൊജക്ടർ, ഇന്ററാക്ടീവ് വൈറ്റ് ബോർഡ്, വയർലെസ്സ് മൈക്രോഫോൺ, ശബ്ദ ക്രമീകരണങ്ങൾ തുടങ്ങിയവ അടങ്ങിയതാണ് വെർച്വൽ ക്ലാസ്സ് റൂം. വെർച്വൽ ക്ലാസ്സ് റൂമിന്റെ നവീകരണത്തിനായി 2023-24 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 1,49,043 രൂപ ചെലവഴിച്ചിട്ടുണ്ട്. വാൾ മൗണ്ട് ഫാൻ, പാനൽ ലൈറ്റ്, ഇൻവെർട്ടർ തുടങ്ങിയവ സ്ഥാപിക്കുന്നതിനും എ.സി. യൂണിറ്റിന്റെ സർവ്വീസിനുമായാണ് തുക ചെലവഴിച്ചിട്ടുള്ളത്.

2019-ന് ശേഷം, പദ്ധതി പ്രകാരം ഉദ്ദേശിച്ചരീതിയിലുള്ള യാതൊരുവിധ പരിശീലന പരിപാടികളും മീറ്റിംഗുകളും നടന്നിട്ടില്ല. ഓൺ ലൈൻ മീറ്റിംഗുകൾക്കും പരിശീലനങ്ങൾക്കുമായി വിവിധ മൊബൈൽ ആപ്ലിക്കേഷനുകൾ വ്യാപകമായി ഉപയോഗിച്ചുവരുന്നതിനാലാണിത്. ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി മീറ്റിംഗുകൾ കൂടുന്നതിനായാണ് നിലവിൽ വെർച്വൽ ക്ലാസ്സ് റൂം ഉപയോഗിക്കുന്നത്. എന്നാൽ ക്ലാസ്സ് റൂമിലെ സീറ്റിംഗ് സംവിധാനം തകരാറിലായതിനാൽ ഇപ്പോൾ ഭരണസമിതി മീറ്റിംഗുകൾ കൂടുന്നതിനും സാധിക്കുന്നില്ല. എട്ട് ലക്ഷം രൂപയിലധികം മുടക്കി സ്ഥാപിക്കുകയും തുടർന്ന് വിവിധ ഘട്ടങ്ങളിൽ അറ്റകുറ്റപ്പണികൾക്കായി ഗണ്യമായ തുകകൾ ചെലവഴിക്കുകയും ചെയ്തിട്ടുള്ള ടി സംവിധാനം തുടർന്ന് എങ്ങനെ ഉപയോഗപ്പെടുത്താമെന്നത് സംബന്ധിച്ച് ഭരണസമിതിയ്ക്ക് വ്യക്തമായ കാഴ്ചപ്പാട് ഉണ്ടാകേണ്ടതും ഈ സംവിധാനം സംരക്ഷിക്കുന്നതിനും ഉപയോഗപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-13 സി.എച്ച്.സി. കെട്ടിട നിർമ്മാണം-പൊട്ടിച്ചുമാറ്റിയ പാറ ലേലം ചെയ്ത് നൽകിയിട്ടില്ല

ഇലന്തൂർ സി.എച്ച്.സിയ്ക്ക് മൾട്ടിപർപ്പസ് ഹാൾ നിർമ്മിക്കുന്നതിനായി സ്ഥലം തയ്യാറാക്കുന്നതിന് 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് പദ്ധതി തയ്യാറാക്കിയിരുന്നു. പ്രോജക്ട് നം. 92/23 പ്രകാരം 3,25,750 രൂപയാണ് പദ്ധതിയ്ക്കായി ചെലവഴിച്ചത്. പദ്ധതിയുടെ ഭാഗമായി സി.എച്ച്.സി. കോമ്പൗണ്ടിൽ നിന്ന് 291.283 ക്യൂബിക് മീറ്റർ പാറ പൊട്ടിച്ച് മാറ്റിയത്. നിലവിൽ ടി കോമ്പൗണ്ടിൽ തന്നെ അടുക്കി സൂക്ഷിച്ചിരിക്കുകയാണ്. പൊട്ടിച്ചുമാറ്റിയ പാറ നാളിതുവരെ ലേലം ചെയ്ത് നൽകിയിട്ടില്ല. ലേലം ചെയ്ത് നൽകുന്നതിനായി എൽ.എസ്.ജി.ഡി. സൗത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ 4,88,712 രൂപ വില നിശ്ചയിച്ച് നൽകിയിരുന്നു.

ഇതിൻപ്രകാരം 21.09.2023, 18.102023 തീയതികളിൽ ലേലം നടത്തിയെങ്കിലും പ്രസ്തുത വാല്യുവേഷൻ പ്രകാരമുള്ള തുക ലേലത്തിൽ പങ്കെടുത്തവർ കാട്ട് ചെയ്തിരുന്നില്ല. തുടർന്ന് 08.11.2023-ൽ കട്ടേഷൻ ക്ഷണിച്ചെങ്കിലും 2,56,789 രൂപയാണ് ഉയർന്ന തുകയായി രേഖപ്പെടുത്തിയത്. നാഷണൽ ഹെൽത്ത് മിഷന്റെ ഫണ്ട് ഉപയോഗിച്ച് ഇലന്തൂർ സി.എച്ച്.സി-യ്ക്ക് പുതിയ ഓ.പി. ബ്ലോക്ക് പണിയുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ഓ.പി ബ്ലോക്ക് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാത്ത പക്ഷം എൻ.എച്ച്.എം. ഫണ്ട് നഷ്ടപ്പെടുവാൻ സാധ്യതയുണ്ട്. ആകയാൽ ടി സ്ഥലത്ത് അടുക്കി സൂക്ഷിച്ചിട്ടുള്ള പാറ നീക്കം ചെയ്യേണ്ടത് അത്യാവശ്യമാണ്. നിലവിൽ പാറയുടെ വാല്യുവേഷൻ പുനപരിശോധിച്ച് നൽകുന്നതിന് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എൽ.എസ്.ജി.ഡി. സൗത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ ഉചിതമായ തുടർനടപടി സ്വീകരിച്ച് അടിയന്തിര പരിഹാരം കണ്ടെത്തേണ്ടതാണ്.

## 1-14 സി.എച്ച്.സി-യിലേക്ക് മരുന്ന് ലഭ്യമാകുവാൻ അവശേഷിക്കുന്നു

സി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികളിലായി, മരുന്നുകളും മെഡിക്കൽ, പാലിയേറ്റീവ് ഉപകരണങ്ങളും വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മുൻകൂറായി തുക നൽകിയിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകിയ തുകയ്ക്ക് പൂർണ്ണമായി മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ വിവരം | മുൻകൂർ നൽകിയ തുക | മരുന്ന് ലഭിച്ചത് | അവശേഷിക്കുന്നത് |
|---|---|---|---|---|
| 1 | സി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ, 47/24 | 10,00,000 | 1,61,816 | 8,38,184 |
| 2 | ജനനി പദ്ധതി- സി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ, 117/24 | 3,17,727 | 1,92,601 | 1,25,126 |
| 3 | സെക്കന്ററി പാലിയേറ്റീവ് കെയർ, 49/24 | 2,27,500 | 97,491 | 1,30,009 |

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 റ്റി.ആർ 7എ മാതൃകയിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല

കേരള ട്രഷറി കോഡ് വാല്യം I ലെ ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിനുവേണ്ടി പണം സ്വീകരിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും ടി.ആർ. 7എ ഫോറത്തിലാണ് കാഷ് ബുക്ക് പരിപാലിക്കേണ്ടത്. നിർവ്വഹണ ഉദ്യോഗസ്ഥർ റ്റി.ആർ. 7എ മാതൃകയിൽ ഒരു കാഷ് ബുക്ക് സൂക്ഷിക്കേണ്ടതും, എല്ലാ സ്രോതസ്സിൽനിന്നുമുള്ള പണം വരവും പണം നൽകലും രേഖപ്പെടുത്തേണ്ടതുമാണെന്ന് 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 16-ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഡെയറി എക്സ്റ്റൻഷൻ ഓഫീസർ പദ്ധതിച്ചെലവുകൾ രേഖപ്പെടുത്തുന്നതിന് ഒരു സാധാരണ ബുക്കാണ് കാഷ് ബുക്കായി പരിപാലിച്ചിരിക്കുന്നത്. ഇത് റ്റി.ആർ. 7എ മാതൃക പ്രകാരമുള്ളതല്ല. പദ്ധതി നിർവ്വഹണത്തിലും പദ്ധതിപ്പണത്തിന്റെ വിനിയോഗത്തിലും സുതാര്യത ഉറപ്പുവരുത്തുന്നതിനാണ് ഇപ്രകാരം ചട്ടത്തിൽ നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുള്ളത്. സർക്കാർ ഉത്തരവിൽ നിഷ്ക്കർഷിക്കും പ്രകാരം കാഷ് ബുക്ക് പരിപാലിക്കുന്നതിന് തുടർവർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| *നിർവ്വഹണ ഏജൻസി* | *പ്രവൃത്തിയുടെ പേര്* | *ബിൽ നം./ തീയതി* | *മുൻകൂർ നൽകിയ തുക* | *ചെലവഴിച്ച തുക* | *ചെലവഴിക്കാൻ ബാക്കിയുള്ള തുക* |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 74/24- ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ സമഗ്ര കുടിവെള്ള പദ്ധതി (ഒന്നാംഘട്ടം) | XVFC/2023-24/P/4, 26.12.2023 | 290000 | 0 | 290000 |
| | 29/24- പുത്തൻപീടിക താന്നിമൂട്ടിൽപടി കുടിവെള്ള പദ്ധതി പൂർത്തീകരണം | XVFC/2023-24/ P/22, 19.03.2024 | 76870 | 0 | 76870 |
| | | XVFC/2023-24/P/24 21.03.2024 | 1200000 | 0 | 1200000 |
| ഭൂജല വകുപ്പ് | 27/24- അംഗൻവാടികളിൽ കുഴൽകിണർ നിർമ്മണം | XVFC/2023-24/P/5, 26.12.2023 | 605000 | 0 | 605000 |
| കെ.എസ്.ഇ.ബി | 24/24- ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി | XVFC/2023-24/ P/33, 26.03.2024 | 177380 | 0 | 177380 |
| | | XVFC/2023-24/ P/30, 23.03.2024 | 437072 | 0 | 437072 |
| | | XVFC/2023-24/ P/19, 18.03.2024 | 129552 | 0 | 129552 |
| | | XVFC/2023-24/ P/29, 23.03.2024 | 423363 | 0 | 423363 |
| | | XVFC/2023-24/ P/14, 26.03.2024 | 491600 | 0 | 491600 |

| | | | | | |
|---|---|---|---|---|---|
| | | XVFC/2023-24/ P/31, 23.03.2024 | 99856 | 0 | 99856 |
| | 128/24- പൊൻപറമ്പിൽ പട്ടികവർഗ്ഗ കോളനിയിൽ വൈദ്യുയ ലൈൻ ദീർഘിപ്പിക്കൽ | RBI0302429934452, 24.11.2023 | 47434 | 0 | 47434 |
| | 72/24-കോഴഞ്ചേരി ഡിവിഷൻ വൈദ്യുത ലൈൻ ദിർഘിപ്പിക്കൽ | RBI0392458085566, 24.11.2023 | 115715 | 0 | 115715 |
| പി.ഡബ്ലു.ഡി | 59/24- കോഴഞ്ചേരി റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ സി.സി.റ്റി.വി. ക്യാമറ, അഗ്നിശമന ഉപകരണങ്ങൾ മറ്റ് അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ | XVFC/2023-24/P/8, 09.02.2024 | 180885 | 0 | 180885 |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ച് ബന്ധപ്പെട്ട ഏജൻസികൾ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്കായി ഗുണഭോക്തൃ സമിതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പാ തിരിച്ചടവ്

**ഇല്ല**

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

***ഇല്ല***

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-1 | 2010-11 | 5.2.16(1) | നായിപ്രകരോട്ട് ശുദ്ധജലവിതരണ | പദ്ധതി പൂർത്തീകരിക്കുന്നതിന് |

| | | | | | |
|---|---|---|---|---|---|
| | | | | പദ്ധതി | 2024-25 വർഷം പദ്ധതി ഏറ്റെടുത്തിട്ടുണ്ട് |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

തൻവർഷം ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുകയൊന്നും ഈടാക്കിയിട്ടില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| *ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)* | 60474951 |
| *ഓഡിറ്റ് വർഷത്തെ ആകെ ചെലവ്* | 49572526 |
| *വരവിനങ്ങളിലുള്ള നഷ്ടം* | ഇല്ല |
| *ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ)* | ഇല്ല |
| *ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക* | ഇല്ല |

**ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**തടസ്സപ്പെടുത്തിയ തുക**

ഇല്ല

**സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം**

**ഇല്ല**

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| *ഓഡിറ്റ് വർഷം* | *റിപ്പോർട്ട് നമ്പർ* | *തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ* |
|---|---|---|
| 1998-99 | എൽ.എഫ്.പി.റ്റി.എ.പി6/777/06/10.11.06/08.08.07 | 13 |
| 2000-01 | എൽ.എഫ്.പി.റ്റി.എ.പി.5/701/02/ 09.12.05/25.03.06 | 2 |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി.3/525/08/ 06.05.09/30.06.09 | 1 |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി.3/646/09യ/ 31.05.10/20.08.10 | 3 |
| 2009-10--2010-11 | എൽ.എഫ്.പി.റ്റി.എ.പി.2/153/13/ 10.04.13/05.08.13 | 2 |
| 2011-12–- 2012-13 | എൽ.എഫ്.പി.റ്റി.എ.പി.2/212/14/ 31.05.10/08.10.14 | 14 |
| 2013-14 | എൽ.എഫ്.പി.റ്റി.എ.പി.2/123/15/04.05.2015 | 5 |

| | | |
|---|---|---|
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി.2/101116/19.09.2016 | 6 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി.13/203/17/03.04.2017 | 5 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി.12/1297/17/ 07.12.2017 | 13 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി.12/334/19/09.05.2019 | 6 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി.12/859/19/10.10.19 | 15 |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി.12/904/21/23.01.2022 | 4 |
| 2020-21 | കെ.എസ്.എ.പി.റ്റി.എ.പി.12/905/21/23.01.2022 | 12 |
| 2021-22 | കെ.എസ്.എ.പി.റ്റി.എ.പി.12/223/23/29.03.2023 | 16 |
| 2022-23 | കെ.എസ്.എ.പി.റ്റി.എ.പി.12/714/23/16.10.23 | 10 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 22-05-2024 and submitted on 23-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the ELANTHOOR Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of ELANTHOOR Block Panchayat as on 31-03-2024

**Date: 12/07/2024** **Senior Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of ELANTHOOR Block Panchayat for the Year 2023-2024.**

## 1.Major Observations

Nill

## 2.Other Observations

1)Basic Ratios as per Rule 62 of Kerala Panchayat Raj Accounting Rules 2011 and notes on significant accounting policies are not included with the annual accounts

2)As per the cash flow statement net increase in cash and cash equivalents for the period 2023-24 is Rs.2388405.

But in the same statement net cash generated by operating +investing + Financing Activity is RS.1159637. Although the above two amounts should be reconciled as per accepted accounting standards the amounts in the annual financial statements submitted by the panchayath do not match.

3)Asset Register not updated. The asset register is not maintained in such a way that it is not possible to check the existance and value of the fixed assets mentioned in the balance sheet.

4)The amounts recorded under the head Loans, Advances, and Deposits in schedule B-18 of balance sheet are incorrect. The amount deposited with KSEB and Water Authority does not match the recordings in the concerned register.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്